# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.06.2025**

### പ്രധാനവാർത്തകൾ

1) അങ്കമാലി- ശബരി റെയിൽപ്പാതയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ മുഖ്യമന്ത്രി പിണറായി വിജയനും, കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി നടന്ന കൂടിക്കാഴ്ചയിൽ ധാരണ.

2) സംസ്ഥാനത്തിൻറെ സാമ്പത്തിക വിഹിതം വെട്ടിക്കുറയ്ക്കരുതെന്ന ആവശ്യവുമായി മന്ത്രി കെ.എൻ ബാലഗോപാൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനുമായി കൂടിക്കാഴ്ച നടത്തി.

3) നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

4) സംസ്ഥാനത്ത് അങ്കണവാടി കുട്ടികളുടെ ഭക്ഷണമെനു പരിഷ്കരിച്ച് വനിത ശിശുവികസന വകുപ്പ്.

5) ഐപിഎൽ ക്രിക്കറ്റ് ഫൈനലിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സിനെ നേരിടും.

RNU TVPM

***********************************************************************

## മുഖ്യമന്ത്രി - ഡൽഹിയിൽ

അങ്കമാലി- ശബരി റെയിൽപ്പാതയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ മുഖ്യമന്ത്രി പിണറായി വിജയനും, കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി നടന്ന കൂടിക്കാഴ്ചയിൽ ധാരണ. ഇതിനായി കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ധ സംഘം അടുത്ത ദിവസം തന്നെ കേരളത്തിലെത്തും. പാതയ്ക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ജൂലായിൽ തന്നെ ആരംഭിക്കാനും ധാരണയായി. ശബരിമല തീർത്ഥാടകർക്ക് വലിയ സഹായമാകുന്ന പാത എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളുടെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനമാകും. ന്യൂഡൽഹിയിലെ റെയിൽ ഭവനിൽ നടന്ന കൂടിക്കാഴ്ച യിൽ, മന്ത്രി വി അബ്ദുറഹിമാൻ, കേരള സർക്കാരിൻറെ ഡൽഹിയിലെ പ്രതിനിധി കെ വി തോമസ് എന്നിവരും പങ്കെടുത്തു. കേരളത്തിന്റെ വടക്കു മുതൽ തെക്കു വരെ മൂന്നും നാലും പാതകൾ ഒരുക്കുന്നതും കൂടിക്കാഴ്ചയിൽ ചർച്ചയായി. ഇക്കാര്യത്തിലും അനുകൂല പ്രതികരണമാണ് കേന്ദ്രമന്ത്രിയിൽ നിന്നുണ്ടായതെന്ന് ശ്രീ വി.അബ്ദു റഹിമാൻ അറിയിച്ചു.

RNU TVPM

************************************************************

## ബാലഗോപാൽ

സംസ്ഥാനത്തിൻറെ സാമ്പത്തിക ആവശ്യങ്ങൾ കേന്ദ്രത്തെ അറിയിക്കുന്നതിൻറെ ഭാഗമായി ധനകാര്യമന്ത്രി കെ.എൻ ബാലഗോപാൽ, കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനുമായി ഇന്ന് കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം വെട്ടിക്കുറയ്ക്കരുതെന്ന ആവശ്യം മുന്നോട്ട് വച്ചതായി കൂടിക്കാഴ്ചയ്ക്ക് ശേഷം ശ്രീ ബാലഗോപാൽ മാധ്യമങ്ങളോട് പറഞ്ഞു. ഗ്യാരൻറി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിൻറെ കടമെടുപ്പിൽ 3300 കോടി രൂപയുടെ കുറവ് വരുത്തരുതെന്ന് കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടതായും അദ്ദേഹം പറഞ്ഞു.

************************************************************

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. 25 പത്രികകളിൽ ഏഴെണ്ണം തള്ളിയ ശേഷം 18 എണ്ണമാണ് സ്വീകരിച്ചത്. തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥിയായി പി വി അൻവർ നൽകിയ നാമനിർദേശ പത്രികയും തള്ളി. ഇതോടെ അൻവറിന് സ്വതന്ത്രനായി മത്സരിക്കേണ്ടിവരും. മറ്റന്നാൾ വരെയാണ് നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം. ഈമാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 23ന് നടക്കും.

***************************************************************

## കോവിഡ്

രാജ്യത്ത് നിലവിൽ 4,026 പേർ കോവിഡ് ബാധിച്ച് ചികിത്സയിൽ തുടരുന്നതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്ന കേരളത്തിൽ 1,416 പേർക്കാണ് രോഗ ബാധ. സംസ്ഥാനത്ത് കഴിഞ്ഞ ദിവസം ഒരു കോവിഡ് മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോവിഡ് ബാധിതരുടെ എണ്ണത്തിൽ മഹാരാഷ്ട്രയാണ് രണ്ടാം സ്ഥാനത്ത്.

***************************************************************

## അങ്കണവാടി- ഭ ക്ഷണമെനു

സംസ്ഥാനത്ത് അങ്കണവാടി കുട്ടികളുടെ ഭക്ഷണമെനു പരിഷ്കരിച്ച് വനിത ശിശുവികസന വകുപ്പ് . മുട്ട ബിരിയാണി, പുലാവ് എന്നിവ ഉൾപ്പെടുത്തിയാണ് മെനു ക്രമീകരിച്ചിട്ടുള്ളത്. പാലും മുട്ടയും രണ്ട് ദിവസം നൽകിയിരുന്നത് മൂന്ന് ദിവസമാക്കി ഉയർത്തി. പത്തനംതിട്ടയിൽ നടന്ന അങ്കണവാടി പ്രവേശനോത്സവത്തിൻറെ സംസ്ഥാനതല ഉദ്ഘാടനത്തിലാണ് പോഷക മാനദണ്ഡ പ്രകാരം പരിഷ്കരിച്ച 'മാതൃകാ ഭക്ഷണ മെനു' മന്ത്രി വീണാ ജോർജ് പ്രകാശനം ചെയ്തത്. അങ്കണവാടിയിൽ ഉപ്പുമാവിന് പകരം ബിരിയാണി വേണമെന്ന് ആവശ്യപ്പെടുന്ന ശങ്കു എന്ന കുട്ടിയുടെ

RNUTVPM

വൈറൽ വീഡിയോ ശ്രദ്ധയിൽപ്പെട്ട മന്ത്രി ഭക്ഷണ മെനു പരിഷ്ക്കരിക്കാം എന്ന് ഉറപ്പ് നൽകിയിരുന്നു.

*************************************************************

## പ്ലസ് വൺ അലോട്ട്മെന്റ്

പ്ലസ് വൺ പ്രവേശനത്തിൻറെ ആദ്യ അലോട്ട്മെൻറ് ലിസ്റ്റ് പ്രകാരമുള്ള പ്രവേശന നടപടികൾ ഇന്ന് ആരംഭിച്ചു. വ്യാഴാഴ്ച വൈകിട്ട് അഞ്ചു വരെയാണ് പ്രവേശനം. ഫസ്റ്റ് അലോട്ട്മെൻറ് റിസൽട്ട്സ് എന്ന ലിങ്കിൽ നിന്ന് ലഭിക്കുന്ന അലോട്ട്മെൻറ് ലെറ്ററുമായി വിദ്യാർത്ഥികൾ രക്ഷിതാക്കൾക്കൊപ്പം സ്കൂളുകളിൽ ഹാജരാകേണ്ടതാണ്.

*************************************************************

## ഒരു തൈ നടാം-മുഖ്യമന്ത്രി

'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം ലോക പരിസ്ഥിതി ദിനമായ മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. ക്ലിഫ് ഹൗസ് അങ്കണത്തിൽ വൃക്ഷത്തൈ നട്ടുകൊണ്ടാണ് ഉദ്ഘാടനം . ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷൻറെ നേതൃത്വത്തിൽ സെപ്റ്റംബർ 30 വരെ ക്യാമ്പയിൻ നടക്കുക .

RNU TVPM

*************************************************************

## പരിസ്ഥിതി ദിനം - ഗവർണർ

പരിസ്ഥിതി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 5 ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നിർവ്വഹിക്കും . രാജ്ഭവനിൽ ഫലവൃക്ഷത്തൈ നട്ടുകൊണ്ടാണ് ഉദ്ഘാടനം.

*************************************************************

## റേഷൻ വിതരണം

സംസ്ഥാനത്ത് മേയ് മാസത്തെ റേഷൻ വിതരണം നാളെ വരെ ലഭിക്കും. കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിലാണ് റേഷൻ വിതരണം നീട്ടിയത്.

*************************************************************

## ഹജ്ജ്

ഈ വർഷത്തെ ഹജ്ജ് കർമങ്ങൾക്ക് നാളെ തുടക്കമാകും. മിനായിലെ തമ്പുകളിൽ തീർത്ഥാടകരെത്തുന്നതോടെയാണ് കർമങ്ങൾ ആരംഭിക്കുക. നാളെ മുഴുവൻ സമയവും തീർത്ഥാടകർ മിനായിൽ പ്രാർത്ഥനയിൽ കഴിയും. ഹജ്ജിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമം മറ്റെന്നാൾ നടക്കും. 18 ലക്ഷത്തിലധികം തീർത്ഥാടകർ അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് വിവരം.

*************************************************************

## വികസിത കൃഷി സങ്കൽപ്പ് അഭിയാൻ

വികസിത കൃഷി സങ്കൽപ്പ് അഭിയാൻ ക്യാമ്പയിൻ പത്തനംതിട്ട ജില്ലയിൽ ആറാം ദിനവും തുടരുന്നു. ഇന്ന് മല്ലപള്ളി ബ്ലോക്ക് പഞ്ചായത്തിൻ്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ ക്യാമ്പയിൻ നടന്നു. കൃഷിയുമായി ബന്ധപ്പെട്ട നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന ക്ലാസുകൾ ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ നടന്നു . കോഴിക്കോട് ജില്ലയിൽ വികസിത് കൃഷി സങ്കല്പ് അഭിയാന്റെ ഭാഗമായുള്ള പരിപാടികൾ കുന്നമംഗലം, പെരുവയൽ, മാവൂർ പഞ്ചായത്തുകളിൽ ഇന്ന് നടന്നു.

RNUTVPM

*************************************************************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. 7 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്.

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെയും കാർത്തികപള്ളി താലൂക്കിലെ പള്ളിപ്പാട് തെക്കേകര ഗവ.എൽ പി സ്കൂളിനും ജില്ലാ കളക്ടർ നാളെ അവധി പ്രഖ്യാപിച്ചു. ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധി നൽകി. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമല്ല.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

****************************************************************

### കുട്ടനാട് - ഇൻട്രോ

മഴ കുറഞ്ഞതിനെ തുടർന്ന് കുട്ടനാട്ടിലും അപ്പർകുട്ടനാട്ടിലും ജനജീവിതം സാധാരണ നിലയിലേക്ക്. മഴ വെള്ളം ഇറങ്ങി തുടങ്ങിയതോടെ ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് ജനങ്ങൾ വീടുകളിലേക്ക് മടങ്ങുകയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി ആർ രവികുമാർ...**

**(വോയിസ്)**

****************************************************************

### മൃതദേഹം കണ്ടെടുത്തു

കണ്ണൂർ അഴീക്കൽ ചാൽ ബീച്ചിൽ കുളിക്കുന്നതിനിടെ ഇന്നലെ കടലിൽ കാണാതായ ഒരാളുടെ മൃതദേഹം കണ്ടെടുത്തു. കൊടോളിപ്രം സ്വദേശി ഗണേഷ് നമ്പ്യാരുടെ മൃതദേഹമാണ് ലഭിച്ചത്. കാണാതായ മറ്റൊരാൾക്കായി തിരച്ചിൽ തുടരുകയാണ്.

****************************************************************

### കണ്ണൂർ (ഇൻട്രോ)

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് മുന്നോടിയായി തീർഥാടകരുൾപ്പെടെയുള്ളവരുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഊർജിതമാക്കി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

**(വോയിസ്)**

****************************************************************

### ഐ.പി.എൽ

ഐപിഎൽ ക്രിക്കറ്റ് ഫൈനലിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സിനെ നേരിടും. അഹമ്മദാബാദ് സ്റ്റേഡിയത്തിൽ രാത്രി 07.30 ന് ആണ് മത്സരം. കന്നിക്കിരീടം ലക്ഷ്യമിട്ടാണ് ശ്രേയസ് അയ്യർ നയിക്കുന്ന പഞ്ചാബും, രജത് പാട്ടിദാറിന്റെ നേതൃത്വത്തിലുള്ള ബെംഗളൂരുവും കളിക്കളത്തിലിറങ്ങുന്നത്. ഏതു ടീം ജയിച്ചാലും ഐപിഎൽ

RIJU TVPM

ചരിത്രത്തിലെ പുതു ചാമ്പ്യന്റെ പിറവിയായിരിക്കും ഇതെന്ന പ്രത്യേകതയും ഇക്കുറി ഫൈനലിനുണ്ട്.

*************************************************************

## ഓഹരി/സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 636 പോയിന്റ് താഴ്ന്ന് 80,738 ലും, നിഫ്റ്റി 174 പോയിന്റ് നഷ്ടത്തിൽ 24,543 ലും വ്യാപാരം അവസാനിപ്പിച്ചു .സ്വർണവില ഉയർന്നു .പവന് 160 രൂപ വർധിച്ച് 72,640 രൂപയും ഗ്രാമിന് 9,080 രൂപയുമാണ് ഇന്നത്തെ വില .

*************************************************************

## ശബരിമല

പ്രതിഷ്ഠാദിനത്തോടനുബന്ധിച്ച പൂജകൾക്കായി ശബരിമല നട നാളെ വൈകുന്നേരം അഞ്ചിന് തുറക്കും. മറ്റന്നാളാണ് പ്രതിഷ്ഠാദിനം. പൂജകൾ പൂർത്തിയാക്കി ജൂൺ 5 ന് രാത്രി 10 മണിക്കാണ് നട അടയ്ക്കുക.

*************************************************************

RNUTVPM

## കൊച്ചി മെട്രോപ്പൊളിറ്റൻ തിരഞ്ഞെടുപ്പ്

കൊച്ചി മെട്രോപ്പൊളിറ്റൻ ചെയർമാൻറെയും ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെയും തിരഞ്ഞെടുപ്പിനുള്ള നടപടി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ചു. വരണാധികാരിയായി എറണാകുളം ജില്ലാകളക്ടറെ കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തു. കൊച്ചി മെട്രോപ്പൊളിറ്റൻ പ്രദേശത്ത് ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നുമാണ് ആസൂത്രണകമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്.

**Editor: ANILA B , Source: RELEASE, CNRT:BINDU S , Reader: SOFIA DANIEL , DEO: LAILA.V.**

*************************************************************

*****************************************************************************************